
മഴവില്ലിൽ
ഇ-മാഗസിൻ
little
KITEs
മഴവില്ല്
ജി.എച്ച്.എസ്. മാലൂർ-2018-19


# ലിററിൽ കൈററ്സ്



**2018-19**



# ആശംസകൾ



ജി എച്ച്എസ് എസ് മാലൂരിലെ ലിററിൽ കൈററ്സിന്റെ ആഭിമുഖ്യത്തിൽ ഒരു ഡിജിററിൽ മാഗസിൻ തയ്യാറാക്കുന്നതിൽ അതിയായി സന്തോഷിക്കുന്നു. വിദ്യാർത്ഥികളുടെ ഭാവന മാഗസിനായി പുറത്തിറങ്ങുന്നതിൽ എന്റെ വിജയാശംസകൾ നേരുന്നു.



## ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായികേരളത്തിലെ വിദ്യാലയങ്ങളിൽ രൂപീകൃതമായ ക്ലബ്ബുകളാണ് ലിററിൽ കൈററ്സ്- കേരള ഇൻഫ്രാസ്ടക്ചർ &ടെക്നോളജി ഫോർ എഡ്യൂക്കേഷൻ. വിദ്യാലയങ്ങളിൽ ഹൈടെക്കായി മാറുന്ന സാഹചര്യത്തിൽ പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്യുക ക്ലാസ്സുമുറികളിൽ വിവര സാങ്കേതികവിദ്യകൾ ഉപയോഗിക്കുന്നതിന് സഹായിക്കുക ,മററ് കുട്ടികൾക്ക് ഈ അറിവ് കൈമാറുക തുടങ്ങിയവയാണ് ഈ കൂട്ടായ്മ യിലെ അംഗങ്ങൾ ചെയ്യുന്നത്.

സാങ്കേതിക വിദ്യയോടുള്ള പുതുതലമുറയുടെ ആഭിമുഖ്യം ഗുണകരമായും സർഗ്ഗാത്മകമായും പ്രയോജനപ്പെടുത്താൻ ലിററിൽ കൈററ്സ് പദ്ധതിക്ക് കഴിയട്ടെ എന്ന് ആശംസിക്കുന്നു.

-ചീഫ് എഡിററർ



# പത്രാധിപസമിതി

**എഡിററർ -റിത്തിക്ക് പി IX.സി**

**മററ് അംഗങ്ങൾ**

**അക്ഷയ് കെ IX.സി**

**കിരൺ എ IX.എ**

**റഫ്സീന IX.എ**
















സ്റ്റുഡന്റ്സ്


പ്രവേശനോത്സവം
ജി.എച്ച്.എസ്.എസ്. മാലൂർ

## താളുകളിൽ.........................

ആമുഖം....................................................................................................................4
പത്രാധിപസമിതി........................................................................................................5
ഇതൊരു യാത്രയാണ്.....................................................................................................9
മിത്തുകൾതേടി..........................................................................................................10
ജാള്യത......................................................................................................................13
അക്ഷരത്തെററ്..........................................................................................................13
ഉണങ്ങിയ വൃക്ഷം.....................................................................................................15
ആരോടും മിണ്ടാതെ..................................................................................................16
മഴ............................................................................................................................18
അമ്മ..........................................................................................................................20
വിജനതയേറിയ ആ രാത്രി.........................................................................................22
നെല്ല്.........................................................................................................................25
..............................................................................................................................25
മാവ്..........................................................................................................................27
സ്വയം അഹങ്കരിച്ച ദൈവം തിരിച്ചടിച്ചു...................................................................28
..............................................................................................................................28
ഭാഗ്യമെന്ന നേർക്കാഴ്ച്ച.............................................................................................30
പിടിച്ചതുമില്ല കടിച്ചതുമില്ല......................................................................................33
ഹാരിയും ജൂണയും.....................................................................................................36



## ഇതൊരു യാത്രയാണ്



മഴപെയ്തൊഴിഞ്ഞ ആ രാവിൽ
കുളിർകാററിന്റെ ഗന്ധം മായാതെനിന്നു
കാററന്തോ ആഗ്രഹിക്കുന്നതു പോലെ തോന്നി
പുതുമണ്ണിൻ ഗന്ധം നിറഞ്ഞൊരാരാവിൽ
കാലം പെയ്തൊഴിഞ്ഞ വറുതികൾക്കിടയിൽ
പെട്ടുപോയതറിയാതെ
സഞ്ചരിച്ചു കൊണ്ടിരിക്കുന്നു
എവിടെക്കെന്നറിയാതെ സഞ്ചാരം
കാലത്തിനൊപ്പം മാറുന്ന യവനികക്കുള്ളിലൂടെ
ഞാനും നീങ്ങുന്നു
ഏകാകിനിയായി ഒടുക്കമില്ലാത്ത ആ
സഞ്ചാരപാതകളിലൂടെ
കാലഹരണപ്പെട്ട ജീവിത യാഥാർത്യങ്ങളുടെ പൊരുൾതേടി
ജീവിതമെന്ന മൂന്നക്ഷരത്തിൽ
ഒതുങ്ങിനിൽക്കുന്ന അവസാനമില്ലാത്ത
ആ കനൽ വഴികൾ തേടി
മാററത്തിന്റെ കാണാപ്പുറങ്ങൾ തേടി
ഞാനും നീങ്ങുന്നു.

റഫ്സീന
ലിററിൽ കൈററ്സ്

# മിത്തുകൾതേടി......

കഥകൾ കേൾക്കാൻ ഇഷ്ടമില്ലാത്തവരായി ആരുമുണ്ടാകില്ല. മാലൂർ സ്ക്രൂളിന്റെ തിരുമുററത്തു നിന്ന് നോക്കിയാൽ ഒരു കോട്ടപോലെ നിൽക്കുന്ന പുരളിമല കാണാം. ആ മലയുടെ നെറുകയിൽ പോയി വന്നാലോ.ക്ലാസ്സിലെ കുട്ടികളെയും കൂട്ടി ഒരു യാത്ര. പുരളിമലമുത്തപ്പൻ സന്നിധിയിലേക്ക് നടന്നു-രസമായിരുന്നു.സുഖമായിരുന്നു ആ യാത്ര.

മലമുകളിൽ നിന്ന് നോക്കുമ്പോൾ താഴെ ഒരു പൊട്ട് പോലെ നമ്മുടെ സ്കൂൾ. "എന്തിനാ ടീച്ചർ ഊട്ടിയിലൊക്കെ പോകുന്നത് ?ഈ കാഴ്ച്കൾ തന്നെ എത്ര മനോഹരം!"ഉയരം കൂടുന്തോറും തണുപ്പ് കൂടി വന്നു.മലകയറി തളർന്നു.മുത്തപ്പന്റെ സന്നിധിയിലെത്തി. അവിടെയുള്ള ഒരിക്കലും വററാത്ത കിണററിൽ നിന്നും വെള്ളം കോരി കുടിച്ചപ്പോൾ "ന്റെ മുത്തപ്പാ"എന്ന ഉൾവിളി. പ്രശാന്തമാണിവിടം .ഭക്തി കച്ചവടമാക്കുന്ന ലോകത്ത് വേറിട്ടൊരിടം.മുത്തപ്പന്റെ ആരൂഢസ്ഥാനമാണിവിടം. കാട് വെട്ടിത്തെളിക്കാൻ പോയ ഒരു സ്ത്രീ കത്തി മൂർച്ച കൂട്ടാനായി ഒരു കല്ലിൽ അണച്ചതും ആ കല്ലിൽനിന്ന് ചോര ഒഴുകുന്നത് കണ്ട് പേടിച്ചോടിയതും ഐതിഹ്യം.പിന്നീട് ദേവസ്ഥാനമാണെന്നറിഞ്ഞ് വിളക്ക് വെച്ച് ആരാധിക്കാൻ തുടങ്ങി. അടഞ്ഞ ശ്രീകോവിലിനുമുമ്പിൽ മനസ്സിൽ ഒരു തിരി കത്തിച്ച് തൊഴുകൈകളോടെ പ്രാർത്ഥിച്ചു.

പിന്നീട് ഞങ്ങൾ പോയത് കൊഞ്ചൻ കുണ്ടിനെയും ഭൂതത്താർ കുണ്ടിനെയും അറിയാനായിരുന്നു,നനയാനായിരുന്നു.അജ്ഞാത രഹസ്യങ്ങളുടെ തീരം. മിത്തുകളുടെ കലവറയാണിവിടം .കൊഞ്ചൻ കുണ്ടിലൂടെ നേരെ നടന്ന് ഭൂതത്താർ കുണ്ടിലേക്ക് എത്തുന്നത് ദുഷ്ക്കരം. ഏതോ അജ്ഞാത ശക്തി അതിന് അനുവദിക്കുകയില്ല എന്ന് പഴമക്കാർ പറഞ്ഞികേട്ടിട്ടുണ്ട് .തനിച്ച് ആ വഴികളിലൂടെ വരുമ്പോൾ ആരോ പിറുപിറുക്കുന്നത് കേട്ട് പേടിച്ചോടിയ ധാരാളം കഥകൾ നാട്ടുകാർ പറയാറുണ്ട്. കൊഞ്ചൻ കുണ്ട് എന്ന് പേരിൽ പറയുന്നതുപോലെ ധാരാളം കൊഞ്ചുകൾ ഇപ്പോഴും ഇവിടെയുണ്ട്.കൊഞ്ചിനെ പിടിച്ച് തോട്ടിന്റെ കരയിൽ ഇരുന്ന് ചുട്ടുതിന്ന ബാല്യത്തെക്കുറിച്ച് പറയാൻ ഏറെ ആളുകളുണ്ടിവിടെ.

സന്ധ്യ മയങ്ങാൻ തുടങ്ങി.അസ്തമയ സൂര്യൻ മാനത്ത് ചെഞ്ചായം വാരിവിതറുന്നത് കാണാൻ ഞങ്ങൾ മാരോടിക്കുന്ന പാറയിലെത്തി.ഏറെ ദൂരം നടന്ന ക്ഷീണം തീർക്കാനായി ഞങ്ങൾ അവിടെ ഇരുന്നു.ചിലർ കിടന്നു. അപ്പോൾ ഞാൻ മെല്ലെ പറഞ്ഞു.

“ഈ മരക്കൂട്ടങ്ങൾക്കിടയിലൂടെ ചാത്തനും ചീരുവും നമ്മളെ നോക്കുന്നുണ്ടാകും " എല്ലാവരും ചാടി എഴുന്നേററ് ചോദിച്ചു"ആരാ ചാത്തനും ചീരുവും ?”ഞാൻ ശബ്ദം താഴ്ത്തി പറഞ്ഞു. ഈ പാറക്കൂട്ടങ്ങളിലെ മരത്തിലാണ് ചാത്തനും ചീരുവും ജീവത്യാഗംചെയ്തത്. ഇവിടെപണിക്കു വരുന്ന സ്ത്രീകളുടെ കത്തിയും കൊടുവാളും എത്ര പരതിയാലും കാണില്ല.ചാത്തനും ചീരുവും അവ ഒളിപ്പിക്കുമത്രേ. ചാത്തനും ചീരുവിനും അടയ്ക്കയും വെററിലയും വയ്ക്കാം.എന്ന് പറഞ്ഞ് പ്രാർത്ഥിച്ചാൽ അവരുടെ

പണിയായുധങ്ങൾ തിരിച്ച് കിട്ടും .
പേടിച്ച് പോയോ-സാരമില്ല കേട്ടോ .ഇനി വരുമ്പോൾ ചാത്തനും ചീരുവിനും അടയ്ക്കയും വെററിലയും കൊണ്ടുവരാം എന്ന് പറഞ്ഞ് മിത്തുകളെ മനസ്സിൽ താലോലിച്ച് ഞങ്ങൾ മലയിറങ്ങി.

-സ്മിത ടീച്ചർ

ജി എച്ച് എസ് എസ് മാലൂർ



## ജാള്യത

പരീക്ഷ .ഹാൾ നിശ്ശബ്ദം.ഇലയനങ്ങിയാലറിയാം.പുറത്ത് ചില കാക്കക്കരച്ചിലുകൾ.അകത്ത്

കടലാസു മർമ്മരങ്ങൾ .കുട്ടികൾ ഉത്തരക്കടലാസ് കൈ കൊണ്ട്മറച്ചുപിടിച്ച്എഴുതുന്നു മണ്ടൻ
കുട്ടപ്പനോട് ടീച്ചർ ചോദിച്ചു."നീ എന്തിനാണ് മറച്ചു പിടിക്കുന്നത്?" ടീച്ചർ,ഞാൻ മറച്ച് പിടിക്കുന്നത്
എന്റെ ജാള്യതയാണ്

## അക്ഷരത്തെററ്

എത് വാക്കിലാണ് നിന്റെ നിന്റെ അക്ഷരം തെററിയത്? മശിയിൽ.പശയിലോ ?തെററി.പശയെന്നു ഞാൻ പറഞ്ഞു.അവർ കേട്ട് പഷയെന്ന് എഴുതി കളഞ്ഞു.വേറെ ഏതിൽ തെററി ? വിദ്യാദ്യാസത്തിൽ തെററിയോ? ഉം ദ്യായ്ക്കു ശേഷം ദ്യാ,ഒരു ചേർച്ച ഇല്ല. ഗജഡഢദബയിലെ ബ ആണ് സൗന്ദര്യം.അതുകൊണ്ട് ഞാൻ വിദ്യാബ്യാസം എന്നെഴുതി. അങ്ങനെയാണെങ്കിൽ നിനക്ക് അധികാരം തെററികാണുമല്ലോ ?തെററി എന്നാണവർ പറയുന്നത്.രാജഭരണം പോയില്ലേ.ജഡ്ജിക്ക് വിധിക്കാൻ കഴിയുന്നുണ്ടോ ?ടീച്ചർക്ക്പച്ചീർക്കിൽ കൊണ്ടെങ്കിലും തല്ലാൻ

കഴിയുന്നുണ്ടോ ?പോലീസിന് തല്ലാൻ കഴിയുന്നുണ്ടോ? അതോണ്ട ഞാമ്പറയണത് അക്ഷരത്തിനു വേണ്ടി കടിപിടി കൂടണ്ടാ. എല്ലാററിന്റേം കട്ടീം കനോം കുറഞ്ഞ് കാലം ഒരു തൂവൽ പോലെ പറക്കാനൊരുങ്ങി നില്ക്കകയാണ്.

മിനികഥ

_ ജയലക്ഷമി ടീച്ചർ

ജി എച്ച് എസ് മാലൂര്





# ഉണങ്ങിയ വൃക്ഷം



ഉണങ്ങി കരിയുന്ന ഞാനുംമെൻചില്ലയും
ഉണങ്ങി കരിയുന്നഎൻ ചിന്തയുംമനസ്സും
വേഗത്തിൽ നീങ്ങുമീ കാലത്തിൽ
ചുവട്ടിലായി ഞാനുമെൻ ചില്ലയും
താങ്ങായി നിൽക്കാനോ മണ്ണില്ല വേരില്ല
വേഗത്തിൽ പോകും കാലത്തിൽ
പൊഴിഞ്ഞു വീഴുന്ന മണ്ണിലേക്കായ്
പ്രകൃതി വരദാനമായ് നൽകിയ
ചില്ലകൾ അലിഞ്ഞു ചേരുന്ന മണ്ണിലേക്കായ്
എത്രപക്ഷിക്കു താങ്ങായ് നിന്ന ഞാൻ
എത്ര പുഴുക്കൾക്കാഹാരമായ് നിന്ന ഞാൻ
ഉണങ്ങി വീഴും സമയം
ഏകനായി നിൽക്കുന്ന ഞാൻ
കരഞ്ഞ് തീരാനുംഅലിഞ്ഞ് ചേരാനും
ഞാൻ മാത്രം ബാക്കിയായി......

നന്ദന ഒ
**IX** എ



## ആരോടും മിണ്ടാതെ

നമ്മുടെ  വീട്ടിലെ കളിയുംചിരിയുംസന്തോഷനിമിഷങ്ങളും അറിയാൻ ചിലപ്പോൾ അയൽ വീട്ടിലെ ജനലിലൂടെ നോക്കേണ്ടിവരും.കൂടപിറപ്പുകൾകൂടി കണക്ക് പറച്ചിലിന്റെയും പരസ്പരം കുററപ്പെടുത്തലുകളും  പിറുപിറുക്കലുമായി ഒരുവീട്ടിൽ കഴിയുമ്പോൾ ഉണ്ടാകുന്ന മാനസിക സമ്മർദം നാനിക്ക് മനസ്സിലാക്കുന്നു. എനി എന്റെ ജീവിതത്തിൽ എന്ത് മാററം സംഭവിച്ചാലും ഞാൻ എന്റെതല്ലാത്ത കാര്യങ്ങളിൽ ഇടപ്പെടില്ല . ആരുടെയും മനസ്സിന്റെ എല്ലെങ്കിൽ ജീവിതത്തിന്റെ മുഖങ്ങളിൽ ഞാൻ ചുഴിഞ്ഞ് അന്വേഷിക്കുകയില്ല.

എന്റെ സന്തോഷനിമിഷങ്ങളെ ഞാൻ ആലോചിച്ച് എന്റേതായ സ്വാതന്ത്ര്യത്തിൽ ജീവിക്കും .മനസ്സിന്റെ കളങ്കം കളഞ്ഞിരിക്കുന്നു .എനി അങ്ങോട്ടുളള ദിവസങ്ങളിൽ എന്റെമനസ്സ് അലഞ്ഞിരിക്കാം .എങ്കിലും ഞാൻ ബന്ധം എന്ന ബന്ധത്തിൽ നിന്ന് മോചനം തേടാൻആഗ്രഹിക്കുന്നു.ഒററക്കിരിക്കുമ്പോൾ മനസ്സ് ഒന്ന് ഏകാന്തമാവുന്ന സങ്കടം ഒരിക്കലും ബന്ധങ്ങൾ എന്ന അധർമത്തിൽ നിന്ന് ലഭിക്കുകയില്ല.ഇപ്പോൾ ബന്ധങ്ങൾ നിലനിർത്തണമെങ്കിൽപ്പോലും പണം അവിടെ സ്വാധീനം

ചെലുത്തുന്നു.എന്നിരുന്നാലും ഞാനറിയുന്നു എന്റെ സഹോദരങ്ങളുടെ ദുഷ്ടമുഖത്തെ തിരിച്ചറിഞ്ഞിരുന്നു.ഞാൻ ഇന്ന് ആഗ്രഹിച്ചുപോകുന്നു,എന്റെ നാവ് ചലിക്കാതിരുന്നുവെങ്കിൽ? മനസ്സ് മരിച്ചിരുന്നെങ്കിൽ എന്ന്,എല്ലാം ഒന്ന് നഷ്ടമായെങ്കിൽ എന്ന് ദൈവ വിളിക്കായ് കാതോർത്തിരുന്നു.............

-ജാസിയ

# മഴ



“തകർന്ന് പെയ്യുന്ന മഴയിൽ
കേൾക്കാൻ
കഴിയില്ല മഴമർമ്മരങ്ങൾ
എല്ലാം നിശബ്ദമാവുമ്പോൾ
പതിയെ കരഞ്ഞിടും ഒരു തേങ്ങ-
ൽ എന്നപ്പോലെ "
മഴയും പെയ്ത് തീർന്ന് പോയി
മനസ്സും പെയ്തീടുന്നു എന്റെ
മരവിച്ച് മനസ്സും കേണീടുന്നു.
നിൻ അധരത്തിൽ പൊഴിച്ചൊരു

പ്രണയ ചുംബനത്തിൽ രുചി
എങ്ങും മാഞ്ഞുപോയി എൻ പ്രയാസ-
കലങ്ങി മറഞ്ഞൊരു മിഴികൾക്കുമുണ്ട്
നിന്നോട് പറയാൻ- ഒരായിരം
മോഹാഭിലാഷങ്ങൾ.

-ജാസിയ

IX എ



അദ്വൈത്

# അമ്മ



പുറമേ നിശബ്ദയായ് മനസ്സിൽ എന്നോട്
മന്ത്രിച്ച് ഉള്ളിൽ എന്നെ ചുമന്നു........
ആദ്യം താളത്തിൽ മൂളി എന്നെ ഉറക്കി.....
പിന്നീട് വാതോരാതെ സംസാരിച്ച് എന്റെ
ചോദ്യങ്ങളെ
ഉത്തരങ്ങളാക്കി എന്റെ തന്നെ നാവിൽ
കോർത്തു.....
പിന്നെ ഞാൻ വാതോരാതെ സംസാരിക്കാൻ
തുടങ്ങിയപ്പോൾ താളത്തിൽ തലയാട്ടി അമ്മ കേട്ടു....
ഞാൻ വളർന്നു...............
ഇന്നെന്റെ സംസാരം ആവശ്യത്തിലേക്കും
അത്യാവശ്യത്തിലേക്കും
മാത്രമായ് വലിച്ചെറിയപ്പെടുന്ന എച്ചിൽ കണക്കെ ആയെങ്കിലും
ആ കാതുകൾ ആർത്തിയോടെ അവയെ വിഴുങ്ങാൻ വെമ്പി
നിന്നു.
എന്റെ കാതുകൾക്ക് ആ ശബ്ദം അലോസരമായി
എന്റെ കണ്ണുകൾ ആ കാഴ്ച്ചയെ അവഗണിച്ചു
ആ സാമീപ്യം എന്നിൽ അറപ്പുളവാക്കി
എന്നെ വളർത്തുന്നതിനിടയിൽ തളർന്നു പോയ
ആ ശരീരം ചിതയൊരുക്കിയ ചൂടിനുള്ളിൽ

എന്നെ പെററുതീർത്തതിന്റെ ആശ്വാസത്തിൽ
ശാന്തമായി വിശ്രമിക്കുമ്പോൾ
എന്നെ തഴുകി തലോടിയ കാററിന്റെ
ഒരോ അണുവും വാത്സല്യത്തിന്റെ
മുലപ്പാൽ ഗന്ധത്തെ ഗർഭം ധരിച്ചിരുന്നു..........

\- റഫ്സീന

# വിജനതയേറിയ ആ രാത്രി

ആ വിജനതയിൽ അവൻ മെല്ലെ മെല്ലെ നടന്നു. അവൻ ചുററും നോക്കി ആരെയും കാണുന്നില്ല. ചുററും ഒരു വീടു പോലുമില്ല. എല്ലായിടത്തും വിജനത മാത്രം.കാലത്ത് അച്ഛനമമ്മയുമായി വഴക്കിട്ടിറങ്ങിയതാണവൻ. നേരം ഇത്രയും ഇരുട്ടി എന്നത് പോലും അവൻ അറിഞ്ഞിരിന്നില്ല. ഓരോ കാലടി വച്ചപ്പോഴും അവൻ മെല്ലെ ഓർത്തു.താൻ എന്റെ കൂട്ടുകാരുമായി മദ്യം കഴിച്ച് തല്ലുണ്ടാക്കിയതറിഞ്ഞാണ് അച്ഛനും അമ്മയും അവനെ വഴക്ക് പറയുകയും അച്ഛൻ അവനെ തല്ലിയതും ആ ദേഷ്യത്തിലാണ് അവൻ വീട് വിട്ടിറങ്ങിയത് . ഇപ്പോൾ താൻ എവിടെയാണെന്ന് പോലും അറിയില്ല. എന്റെ കുടുംബത്തോടൊപ്പം കഴിഞ്ഞ കുറേ നല്ല ദിവസങ്ങൾ അവൻ ഓർത്തു. അവന്റെ കണ്ണുകളിൽ നിന്ന് ബാഷ്പം ഇററിററ് വീണുതൊണ്ടിരുന്നു.അവരെ ഞാൻ ഒരിക്കലും വേദനിപ്പിക്കാൻ പാടില്ലായിരുന്നു.അവൻ ഓർത്തു വഴിയിലെ തെരുവിളക്കിന്റെ വെളിച്ചത്തിൽ അവൻ അവന്റെ വീട്ടിലെത്തി. വീടിന് മുമ്പിൽ ഒരാൾക്കൂട്ടം .പെട്ടെന്ന് ഞെട്ടി പോയി .അച്ഛാ....അമ്മേ ......എന്ന് വിളിച്ചുകൊണ്ട് ഓടിയവൻ വീടിന് മുമ്പിലെത്തി.ഞെട്ടിപ്പിക്കുന്ന ആ കാഴ്ച കണ്ട്അവൻ അവിടെ തന്നെ മുട്ടുകുത്തിയിരുന്നുപോയി. താൻ വീട് വിട്ട് ഇറങ്ങിയ ദേഷ്യത്തിൽ സിഗരററ് കത്തിച്ച് ഗ്യാസ് കുററിക്ക് നേരെ വലിച്ചെറിഞ്ഞിരുന്നു. അതിന് മുകളിൽ മണ്ണെണ്ണ മറിഞ്ഞ് തന്റെ വീടെല്ലാം കത്തി നശിച്ചു. തന്നെ അന്വേഷിച്ച് നടന്നതു കൊണ്ട് അച്ഛനും അമ്മയും രക്ഷപ്പെട്ടു. എങ്കിലും ഞാൻ ഓടി കളിച്ചു വളർന്ന ആ വീടിന്റെ ഈ അവസ്ഥയ്ക്ക് താനാണ് കാരണമെന്നോർത്ത് അവൻ വിതുമ്പി. ആ

ഒററ രാത്രി കൊണ്ട് തന്റെ കുടുംബം തന്നെ ഇല്ലാതാവുമായിരുന്നു.തലനാരിഴയ്ക്കിടയിലാണ് രക്ഷപ്പെട്ടത് . ഇതിനെല്ലാം കാരണം മദ്യത്തിന്റെ ലഹരിയാണ്.അന്നു മുതൽ അവൻ ഇനി മദ്യം കഴിക്കില്ല എന്ന ശപഥമെടുത്തു. പെട്ടന്ന് ഒരു ശബ്ദമുണ്ടായി അവൻ കട്ടിലിൽ നിന്നുണർന്നു.അപ്പോഴാണ് അവന് മനസ്സിലായത് ഇന്നലെ അവൻ കണ്ടത് വെറും സ്വപ്നമായിരുന്നു. ആ സ്വപ്നത്തിൽ കണ്ടതുപോലെ ഇനി ഒരിക്കലും നടക്കരുത് എന്ന് അവൻ പ്രാർത്ഥിച്ചു. പിന്നീട് അവൻ അവന്റെ അച്ഛനും അമ്മയുമായി സന്തോഷമായി ജീവിച്ചു.

**-നന്ദന പി**

# ലിററിൽ കൈററ്സ് 2018-19



# നെല്ല്



ഇത്തിരിപ്പോന്ന ചെടിയാണ്
ഒത്തിരി നന്മ നിറവിലാണ്
ചിത്തിരിപ്പാടത്തെ
പൂത്തിരിക്കണ്ടത്തിൽ
സത്യം കലയ്ക്കുന്ന ചേലാണ്
ചേറിൽ കിളിച്ചൊരു മുത്താണ്
നീരിൽ തപസ്സാർന്ന വേരാണ്
പെണ്ണാള് പാടുമ്പോൾ
ഉള്ളം കുളിർത്തിട്ട്
ചോടുറപ്പിക്കുന്ന നേരാണ്
പാരിൽ നമിക്കും നിലയാണ്
"പോരുക കൂട്ടരെ കൊയ്യുമെതി"ക്കെന്ന്
മാടി വിളിക്കും കതിരാണ്
തന്മണ്ക്കാഴ്ചക്കതിർക്കുലകൾ
ളുമണി മന്ദിരപ്പൂമുഖത്തിൽ

സമ്മോഹനം മഹാലക്ഷമി തന്റെ
സമ്മാന ചിഹ്നമായി ചാർത്തിയില്ല
ഉണ്ണുവാൻ മററെന്ത് വേറെ നന്നായ്
എണ്ണുവാൻ നല്ല നിറപറയ്ക്കായ്
കണ്ണിലീ ഉമ്മ കണികാണാൻ
കർമ്മ ഭൂവിൽ കൃഷിത്താളമാകാം
കരളിൽ രുചിക്കൊയ്ത്ത് പാട്ടുപാടാം

**റഷ്ലീന**

# മാവ്



ഇന്നലെകളിലാമാവിൻ  മാമ്പഴം നുണഞ്ഞും
ആത്തണലിൽ കളിച്ചും
ചിരിച്ചുറങ്ങിയും
പിച്ചവച്ചും നടന്നോരോമൽ കുരുന്നുകൾ
ഇടിമിന്നലും കാറ്റും
നടമാടിയ നേരത്ത്
ആമരപ്പൊത്തിൽ ഭയത്തോടിരുന്നവർ
ഇന്നാ........പൂക്കാത്ത
ഇലകൾ കൊഴിഞ്ഞ
പടുവൃക്ഷത്തെ
തൊടിയിൽ നിന്നും പറിച്ചെറിഞ്ഞവർ.......
ഉറഞ്ഞാടിയ തെയ്യക്കോലങ്ങളുണ്ടിവിടെ
മുഖത്തെഴുത്തുകൾ ചിതലരിച്ച തുടങ്ങിയവ
ചായം വരച്ച കണ്ണുകൾ
കലങ്ങി കണ്ണീര്തീരുമ്പോൾ
മുഖം തിരിച്ച് നടക്കവേണ്ട
ഇത് അടിച്ചമർത്തപ്പെട്ടവന്റെ
ഉയിർത്തെഴുന്നേൽപ്പിൻ കണ്ണീരാണ്....
കാലമേ ഓർക്ക, നിന്റെകറുപ്പുകൾക്ക് നേരെ
ആ ചെമ്പട്ടണിഞ്ഞ കോലങ്ങൾ
നാളെയും ഉറഞ്ഞാടുക തന്നെ ചെയ്യും.

-സീന

# സ്വയം അഹങ്കരിച്ചു ദൈവം തിരിച്ചടിച്ചു



കോടീശ്വരി എന്നറിയപ്പെട്ടുരുന്ന ഒരു കുട്ടിയായിരുന്നു ലീന .യു പി സ്ക്കൂളിൽ വിദ്യാർത്ഥിയായിരുന്നു അവൾ. ഏഴാം ക്ലാസിലെ പാവങ്ങൾക്കിടയിൽ കുശുമ്പ് കൊണ്ട് നടക്കുന്ന ലീനയെ ആർക്കും ഇഷ്ടമായിരുന്നില്ല. നല്ലത് എന്ന് പറയാനായി ഡ്രസ്സും ബാഗും ചെരുപ്പും ഒക്കെയുണ്ട്. മോശമെന്ന് പറയാനുള്ളത് അവളുടെ സ്വഭാവത്തെ കുറിച്ച് മാത്രമായിരുന്നു. വൃത്തിയുള്ളവരുടെ കൂടെ കളിക്കണമെന്ന് അമ്മ പറഞ്ഞു കൊടുത്തതു കാരണമാണ് അവൾ പാവപ്പെട്ട കുട്ടികളെ തള്ളികളയുന്നത്.കൊട്ടാരം പോലെത്ത വീടാണ് ലീനയുടേത്. ലീനയ്ക്ക് കോടീശ്വരി എന്നിനുള്ള അഹങ്കാരമുണ്ട്. ലീനയുടെ അമ്മയ്ക്ക് അവൾ ഒററ മകൾ ആയിരുന്നു. അതിനുള്ള വാശിയുംഅഹങ്കാരവും അവൾക്കുണ്ട്. ലീനയെ നാട്ടുകാർ വരെ വെറുത്തിരുന്നു. അച്ഛനായ ബാലുവിനെയും അമ്മയായ ലക്ഷമിയേയും നാട്ടുകാർ വെറുത്തിരുന്നു. ലീനയുടെ ക്ലാസിൽ പഠിക്കുന്ന ആനന്ദിന് അമ്മയില്ലായിരുന്നു. അതുകൊണ്ട് അവൾ അവനെ കളിയാക്കുമായിരുന്നു. അങ്ങനെ ഒരു ദിവസം രാത്രിയിൽ അവന്റെ അച്ഛൻ കള്ള് കുടിച്ചുകൊണ്ട് വന്ന് വീടിന് ചുററും തീയിട്ടു. പാവം ആനന്ദ് ആ വീട്ടിൽ അലറ് കൊണ്ട് വെന്തുരുകി മരിച്ചു. അവന്റെ ശവമസ്ക്കുളിൽ കാഴ്ച്ചയ്ക്ക് വച്ചപ്പോൾ ശവത്തെ തിരിഞ്ഞ് നോക്കാതെ കുററവും കുറവും വിളിച്ച് പറഞ്ഞ് പൊട്ടിച്ചിരിച്ച് കൂട്ടുകാരില്ലാത ലീന തനിയെ

നടന്നു നീങ്ങുന്ന വേളയിൽ കൂട്ടുകാരികൾ പൊട്ടിക്കരയുകയായിരുന്നു. അവർ പരസ്പരം ഇങ്ങനെ പറഞ്ഞ് കൊണ്ടിരുന്നു.ഈ ചിരിച്ച ചിരി ഇന്നത്തോടെ അവസാനിക്കണമേ. അങ്ങനെ ഓണാവധിക്കാലം വന്നു. സ്കൂൾ പൂട്ടി. ലീനയും അച്ഛനും അമ്മയും അമ്മാവന്റെ വീട്ടിലേക്ക് പോവുകയായിരുന്നു. അവർ മൂന്ന് പേരും വാഹനാപകടത്തിൽപെട്ട് മരിച്ചു.

**-റോസ്ന സഹല**

# ഭാഗ്യമെന്ന നേർക്കാഴ്ച്ച



ഒരിടത്ത് ഒരു സ്ത്രീയും അവളുടെ ഭർത്താവും താമസിച്ചിരുന്നു. ഏറെ സുഖസൗകര്യമുള്ള വീടാണ് അവരുടേത്. കല്ല്യാണം കഴിഞ്ഞ് ഏറെ കാലം കഴിഞ്ഞാണ് മീനാക്ഷി ഗർഭിണിയാകുന്നത്.

അങ്ങനെയിരിക്കെ മീനാക്ഷി ഒരാൺ കുഞ്ഞിന് ജന്മം നൽകി. അവന്റെ അച്ഛന്റെ പേര് ചേർത്ത് കാർത്തിക് ഗോവിന്ദ് എന്ന പേര് നൽകി .കാലം കഴിഞ്ഞു. അമ്മയ്ക്കും അച്ഛനും അവനെ വേണ്ടാതായി. അവന് സൗന്ദര്യം കുറവാണെന്ന് പറഞ്ഞ അവർ സ്വയം കളിയാക്കി .കാർത്തു എന്നാണ് അവനെ വിഴിച്ചിരുന്നത് .കാർത്തു ഒരു കുസൃതി കുഞ്ഞായിരുന്നു. അമ്മയും അച്ഛനും അവന് സ്നേഹം നൽകിയില്ല. അതുകൊണ്ട് തന്നെ അവൻ സ്നേഹം അറിഞ്ഞതുമില്ല.എല്ലാ ദിവസവും രാവിലെ പുഴയ്ക്കരയിൽ ചെന്ന് അലക്കുന്ന മീനാക്ഷിയും രാവിലെ പുറപ്പെടുന്ന ഗോവിന്ദും പോയി കഴിഞ്ഞാൽ കാർത്തു അവിടെ തനിച്ചാകും

ഒരു ദിവസം ആരും ഇല്ലാത്ത ആ വീട്ടിൽ കളിച്ച കൊണ്ടിരിക്കുമ്പോഴാണ് അതുവഴിവന്ന നായ അവനെ കാണാൻ ഇടയായത് .കുട്ടിയെ കണ്ട നായ വീട്ടിന്റെ മുററത്ത് ഇരുന്നു ബൗ ബൗ എന്ന് ഉച്ച വെച്ച.ഇതുകേട്ട കാർത്തു ഓടിച്ചെന്ന് തന്റെ ബിസ്കററ് അതിന് ഇട്ടുകൊടുത്തി. നായ അത് തിന്നു. അമ്മ വരുന്ന കണ്ട കാർത്തു പോ...പോ..എന്ന് ആംഗ്യം കാണിച്ച് അതിനെ പറഞ്ഞയച്ചു. ഈ പതിവ് തുടർന്നു. നായയും കാർത്തുവും കൂട്ടുകാരായി .പക്ഷേ നായ കാണിച്ച സ്നേഹം പോലും അമ്മയും അച്ഛനും കാണിച്ചില്ല .ഒരു ദിവസം കാർത്തുവിനെ ഉപേക്ഷിക്കാൻ അമ്മ തയ്യാറായി .അച്ഛനും

അതിന് എതിര് പറഞ്ഞില്ല.അങ്ങനെ അകലെയൊന്നും പോകാതെ കാർത്തുവിനെ ഉപേക്ഷിച്ച് കൈയിൽ ബിസ്കറ്റും വെള്ളവും നല്കി പോകാൻ പറഞ്ഞു. അവർ യാത്രയായി .പാവം കാർത്തു അനാഥനായി അല്പനേരം കരഞ്ഞിരുന്നു. "അമ്മേ ...അച്ഛാ”.....എന്ന് നിലവിളിച്ച് എന്ന് നിലവിളിച്ച് നീങ്ങിക്കൊണ്ടിരുന്നു.ഇതൊന്നും വകവെയ്ക്കാതെ മീനാക്ഷിയും ഗോവിന്ദും അവനിൽ നിന്നും മറഞ്ഞു. അവന് കരച്ചിൽ അടയ്ക്കാൻ കഴിഞ്ഞില്ല. എന്നാൽ ദൈവം അവനെ തനിച്ചാക്കിയില്ല .ഇതെല്ലാം കണ്ട്കൊണ്ടിരുന്ന അവനെ സ്നേഹിച്ച ആ നായ അവന്റെ അരികിലേക്ക് വന്നു.കാർത്തു ബിസ്കറ്റ് കൊടുത്തു വരവേറ്റു.കാർത്തുവിന്റെ മുഖത്ത് പുഞ്ചിരി വിരിഞ്ഞു.അവൻ അവിടെ കണ്ണടച്ച് ഉറങ്ങി.അരികത്ത് നായയും .രാത്രിയും പകലും തിരിച്ചറിയാത്ത കാർത്തു ഇടയ്ക്കിടെ എഴുന്നേറ്റു.സ്നേഹം അറിയാതെ വളർന്ന കാർത്തുവിന് തിരിച്ച് സ്നേഹിക്കാൻ അറിയാമായിരുന്നു.അവൻ നൽകിയ സ്നേഹം തിരിച്ച് നൽകിയത് നായയാണ്.അങ്ങനെ അവൻ വളർന്നു വലുതായി .കുട്ടികൾ സ്ക്കൂളിൽ പോകുന്ന സമയത്ത് അവൻ കളിച്ചു ആളുകൾ ഉറങ്ങുന്ന സമയത്ത് അവൻ ഉണർന്നു.ആരൊക്കെയോ അവനെ കൊണ്ടുപോകാൻ ശ്രമിച്ചെങ്കിലും നായ സമ്മതിച്ചില്ല .എന്തിനും എതിനുംനായ കൂടെ നിന്നു. ഒരു ദിവസം കാർത്തുവിന്റെ സ്നേഹിതനെ കണ്ടില്ല.എവിടെയൊക്കയോ അന്വേഷിച്ചു.അപ്പോഴാണ് അവനത് ശ്രദ്ധിച്ചത് ദൂരെ ചോര നിറഞ്ഞ ശരീരവുമായി തന്റെ സ്നേഹിതൻ കിടന്നുറങ്ങുന്നു.നാട്ടുകാരെക്കെ ചേർന്നു അതിനെ കൊണ്ട് പോയി .കാർത്തു അറിയാതെ കണ്ണിൽ നിന്ന് കണ്ണുനീരൊഴുകി.അവൻ തിരിഞ്ഞു നടന്നു.ഇപ്പോൾ അവന്ഏകദേശം ഏഴ് വയസ്സ് തികഞ്ഞ് കാണും .ഇനി ആരോടൊത്തു കളിക്കും ആരോടൊത്തു കിടന്നുറങ്ങും ആരു സംരക്ഷിക്കും എന്ന് അവന്റെ മുന്നിൽ ഒരു ചോദ്യമായ് .പിന്നെയും കാലങ്ങൾ കഴിഞ്ഞു. അടിയും ചവിട്ടുംകൊണ്ട് അവൻ വളർന്നു.ദൈവം വീണ്ടും അവമെ ചേർത്തു പിടിച്ചു.മക്കളില്ലാത്ത

വിഷമത്തിൽ നടന്നു കൊണ്ടിരുന്ന കഞ്ഞാമുഹാജിയും ഭാര്യ സീനത്തും അത് വഴിവന്നു.തമ്മിൽ കണ്ട മൂവരും ചിരിച്ചു.അവനെ എറെറടുക്കാൻ തയ്യാറായ ഇരുവരും അവന് മുഹമ്മദ് എന്ന് പേര് നൽകി.പിന്നീടുള്ള കാലം മമ്മു എന്ന് വിളിച്ച് നമ്മുടെ കാർത്തു സുഖമായി അവരുടെ കൂടെ ഇസ്ലാമികചിട്ടകളോടെ ജീവിച്ചു.

–ഷഹാനഷെറിൻ

# പിടിച്ചതുമില്ല കടിച്ചതുമില്ല



പണ്ട് പണ്ട് ഒരു രാജ്യത്ത് ധനികൻ എന്ന പറയുന്ന രാജാവും ശാസ്ത്രി എന്ന പറയുന്ന മന്ത്രിയും ഉണ്ടായിരുന്നു.രാജാവിന്റെ പേര് പോലെ തന്നെ അയാൾ ധനികനായിരുന്നു.പണക്കാരനും രാജ്യത്തിന്റെ രാജാവും കൂടി ആണെന്ന വിചാരം മററുള്ളവരെ ദ്രോഹിക്കാനുള്ള കരുത്തായി

എന്നാൽ ശാസ്ത്രിയാവട്ടെ രാജാവിന്റെ മുൻപിൽവെച്ച് രാജാവിനെ പൊക്കി പറയുകയും ഗ്രാമവാസികളോട് രാജാവിനെക്കുറിച്ച് കുററം പറയുകയും ചെയ്യുന്ന ആളാണ് .എന്നാലും മന്ത്രിയും രാജാവും ഒററക്കെട്ടാണ്.പാവപ്പെട്ട ജനങ്ങളെയും സാധാരണക്കാരെയും എങ്ങനെയൊക്കെ ദ്രോഹിക്കാൻ പററും അങ്ങനെയെക്കെഅവരെ ഉപദ്രവിക്കുമായിരുന്നു.ഗ്രാമവാസികൾഎല്ലാം ആ രാജ്യത്തിലെ ഏററവും പണ്ഡിതനായവർഷ വേദനോട് രാജാവിന്റെയും മന്ത്രിയുടെയും രാജ്യദ്രോഹത്തെ പററി പറഞ്ഞു.അങ്ങനെ അദ്ദേഹം രാജാവിനെയും മന്ത്രിയെയും മററ് ഗ്രാമവാസികളെയും വിളിച്ച് ഒരു മത്സരം വെച്ചു.ഈ രാജ്യത്ത് കൂടിയാൽ കുറയാതത് എന്ത് ?എന്ന ചോദ്യം ചോദിച്ചു.ഒരു വില പേശലും വച്ചു. ഈ രാജ്യത്ത് രാജാവിനോക്കോൾ ഉയർന്ന പദവിയാണ് ഈ ഉത്തരം പറഞ്ഞാൽ ലഭിക്കുക.

എന്നാൽ രാജാവിനും മന്ത്രിക്കും ഇതിന്റെ ഉത്തരം ലഭിച്ചില്ല. അവർ രാജ്യത്തുള്ള അമൂല്യ വസ്തുക്കളും തേടി പരക്കം പാഞ്ഞു.മണ്ടൻമാരായ

രാജാവും മന്ത്രിയും വിഢികളാണെന്ന് വർഷവേദൻ പറഞ്ഞു.അവസാനം മണഅടന്മാരായ ധനികനും ശാസ്ത്രിക്കും ധനികന്റെ ഒരു സുഹൃത്ത് ഉത്തരം പറഞ്ഞു കൊടുത്തു.പക്ഷേ അയാൾആ ഉത്തരത്തിന് നൂറ് പെൻ പ്രതിഫലം ചോദിച്ചു.രാജാവും മന്ത്രിയും തരാമെന്ന് പറഞ്ഞു.അവർക്ക് ഉത്തരം കിട്ടിയപ്പോൾ ശാസ്ത്രി പറഞ്ഞു ഞാനാണ് ആദ്യം എത്തുക .രാജാവും ഇങ്ങനെ പറഞ്ഞു .അവർ ഓട്ട പന്തയം പോലെ ഓടാൻ തുടങ്ങി ...രണ്ടാളും വർഷവേദന്റെ അടുത്ത് ഒപ്പം എത്തി. ഉത്തരം രണ്ടാളും ഒരുമിച്ച് ഉരുവിട്ടു.അയാൾ അവരെ നോക്കി പരിഹസിച്ചു.

എന്നിട്ട് വർഷവേദൻ പറഞ്ഞു " നിങ്ങൾ ഈ ഉത്തരം പറയാൻ വൈകിപ്പോയിരിക്കുന്നു."ഈ ഗ്രാമവാസികളിൽ ഒരാൾ ഈ ഉത്തരം പറഞ്ഞു.ഇതുകേട്ട രാജാവിനും മന്ത്രിക്കും ലജ്ജസഹിക്കാൻ വയ്യാതെ രാജ്യം വിട്ടു. പണ്ടിതൻ അവരെ നോക്കി ഇങ്ങനെ പറഞ്ഞു."അയാൾ മററുള്ളവർക്കു കൊടുത്തതുമില്ല അവന് കിട്ടിയതുമില്ല”. അവർ പോകുന്നത് കണ്ട് പണ്ഡിതൻ പരിഹസിച്ചു.പിന്നീട് ആ രാജ്യത്തെ ജനങ്ങൾ വളരെ സന്തോഷത്തോടെയും സുഖകരമായും കഴിയുന്നു.മററുള്ളവരെ ചെയ്യാനും വിടില്ല സ്വന്തം ചെയ്യുകയുമില്ല എന്നതുപോലെയാണ് അവരുടെ കാര്യം.

–നമിത വി പി



–റിത്തിക്ക്

# ഹാരിയും ജൂണയും

പണ്ട് പണ്ട് രണ്ട് സുഹൃത്തുത്തളുണ്ടായിരുന്നു.അവരാണ് ഹാരിയും ജൂണയും .രണ്ട്പേരും നല്ല ഉററ സുഹൃത്തുക്കളായിരുന്നു. അവർ കുസൃതികുട്ടികളാണ്.അവർ ഇരുവരും കാടിന്റെ അരികിലൂടെ നടക്കവെ ഒരു പുലി നേരെ മുന്പിൽ ചാടി. അവർ ഭയന്നു. അവർ രണ്ടുപേരും പെട്ടെന്നൊരു സൂത്രം പ്രയോഗിച്ചു. ഹാരി പുലിയോട് പറഞ്ഞു.പുലി ചേട്ടാ ആദ്യം ഞങ്ങളിൽ ആരെയാ തിന്നുന്നത്? പുലി ചേട്ടൻ പറഞ്ഞു നിങ്ങൾ പറ ആദ്യം  ആരെയാ തിന്നേണ്ടത് .രണ്ട് പേരും ഒരേ സ്വരത്തിൽ പറഞ്ഞു എന്നേകഴിച്ചോ എന്നെ കഴിച്ചോ ? പുലി ചേട്ടൻ പറഞ്ഞു ആദ്യം ഒരാളെ തിന്നാം അത് ആരെയാ രണ്ട് പേരും  ആലോചിച്ച് തീരുമാനമെടുത്തോ രണ്ട്പേരും  വിട്ടുകൊടുത്തില്ല .ഒടുവിൽ ജൂണ പറഞ്ഞു.നമ്മുക്ക് ടോസിട്ടു നോക്കാം .ഹാരിയും പുലി ചേട്ടനും സമ്മതിച്ചു.പക്ഷേ ,എന്റെ അടുത്ത് പേപ്പർ ഇല്ല.ജൂണ പറഞ്ഞു എന്റെ വീട്ടിൽ ഇഷ്ടം പോലെ പേപ്പർ ഉണ്ട് എന്ന് ഹാരി പറഞ്ഞു.എന്നാൽ നമുക്ക് ഹാരിയുടെ വീട്ടിൽ പോകാം എന്ന് പുലി ചേട്ടൻ പറഞ്ഞു.അവർ മൂന്ന് പേരും വീട്ടിലെത്തി.ഹാരിയും ജൂണയും പെട്ടെന്ന് അകത്ത് കയറി വാതിലടച്ച് അവർ ഉച്ചത്തിൽ നിലവിളിച്ചു.രണ്ട് പേരുടെയും നില വിളികേട്ട നാട്ടികാർ ഓടി വന്നു ദുഷ്ടനായ പുലിയെ നാട്ടുകാർ ചേർന്ന് കൊന്നു.

-നന്ദന

IX എ



അക്ഷയ്

# നന്ദി.......

